# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി16/1645/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/11/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: /സി16/1645/2023 കെ.എസ്.എ/കെ.എൻ.ആർ തീയ്യതി: 18/11/2023

## കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 08-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജിതേന്ദ്രൻ.എ.ആർ | ഡെപ്യൂട്ടി ഡയരക്ടർ | 09-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീ.ലീലാകൃഷ്ണൻ എൻ.എം.(ഓഡിറ്റ് ഓഫീസർ) (13-10-2023 വരെ)
2)മനോജ്കുമാർ ടി. ജോർജ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3) ശ്രീമതി. നിഖില എ.എം.(ഓഡിറ്റർ)
4)ശ്രീ.നിഖിൽ കെ.(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ടി.ടി. ബാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. രമ എം.എം. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബുഷ്റ ടി.ടി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനിത് ആലീസ് ജോൺ | വെറ്ററനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ഭാവന രമേഷ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 10-07-2022 |
| ഡോ. അരുണിമ അശോക് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 11-07-2022 | 31-03-2023 |
| ശ്രീ.ഷാജി.സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 30-06-2022 |
| ശ്രീ.രാജേഷ്.ടി.ആർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-07-2022 | 31-07-2022 |
| ശ്രീ. അബ്ദുള്ള | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-08-2022 | 08-12-2022 |
| ശ്രീ. രജീഷ് ടി.കെ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 09-12-2022 | 30-12-2022 |
| ശ്രീ. അരുൺ സുരേഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 31-12-2022 | 31-03-2023 |
| ശ്രീമതി ഉഷ എം.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഇ,പി. വിനോദ്കുമാർ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ശ്രേണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 10-06-2022 |
| ശ്രീമതി.സപ്ന | അസിസ്റ്റന്റ് എഞ്ചിനീയർ | 11-06-2022 | 14-09-2022 |
| ശ്രീ. ജാക്സൺ ജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 15-09-2022 | 31-03-2023 |
| ശ്രീ. ജോസ് ജയകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 01-06-2022 |
| ശ്രീമതി. വന്ദന പി.പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-06-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി. ശ്രീജയ ടി.പി. | അസിസ്റ്ററന്റ് സെക്രട്ടറി | 01-04-2022 | 07-11-2022 |
| ശ്രീമതി. മൃദുല എം.ടി. | അസിസ്റ്ററന്റ് സെക്രട്ടറി | 08-11-2022 | 31-03-2023 |
| ഡോ. ലേഖ പി.കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ശ്രീനിവാസൻ പി.വി. | മെഡിക്കൽ ഓഫീസർ -ആയുർവേദം | 01-04-2022 | 29-12-2022 |
| ഡോ. മഞ്ജു ജോസഫ് | മെഡിക്കൽ ഓഫീസർ -ആയുർവേദം | 30-12-2022 | 31-03-2023 |
| ശ്രീമതി ഷിംന പവിത്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇരിണാവ് സർക്കിൾ) | 01-04-2022 | 14-10-2022 |
| ശ്രീ. അമൽ ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇരിണാവ് സർക്കിൾ) | 15-10-2022 | 24-10-2022 |
| ശ്രീ. അരുൺകുമാർ എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇരിണാവ് സർക്കിൾ) | 25-10-2022 | 31-03-2023 |
| ശ്രീ. അമൽ ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കല്ല്യാശ്ശേരി സർക്കിൾ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അനുബന്ധ പത്രികകൾ സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിൽ അപാകം | 1-1-3 |
| 5 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-4 |
| 6 | മുൻക്കൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | ഐ.സി.ഡി.എസ് വരവ് ചെലവുകൾ ചേർത്തതിൽ അപാകം | 1-1-6 |
| 8 | വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം. | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | ഗ്രാമ സഭ | 1-10 |
| 19 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല. | 1-11 |
| 20 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-12 |
| 21 | നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി | 1-13 |
| 22 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം-ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്. | 1-14 |
| 23 | 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി | 1-15 |
| 24 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ നിർണയം-മൂലധന നിക്ഷേപം രേഖപ്പെടുത്തിയതിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്. | 1-16 |
| 25 | തനതു വിഭവ സമാഹരണം-പൊതു അവലോകനം | 1-17 |
| 26 | നിക്ഷേപ പ്രവർത്തികൾ വിനിയോഗ സാക്ഷ്യ പത്രമില്ലാതെ ബാലൻസ് | 1-18 |

| | | |
|---|---|---|
| | ഷീറ്റിൽ തുടരുന്നു.2022-23 ലെ ചെലവ് തുക- 53449 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു | |
| 27 | സ്മാർട്ട് ഐ പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 177000 രൂപ തടസപ്പെടുത്തുന്നു. | 1-19 |
| 28 | ആയുർവ്വേദ ആശുപത്രിയിലെ യൂനാനി വിഭാഗത്തിന് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായില്ല-₹7730 തടസ്സപ്പെടുത്തുന്നു. | 1-20 |
| 29 | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-ചെലവ് തുകയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.₹ 400000 തടസ്സപ്പെടുത്തുന്നു. | 1-21 |
| 30 | അങ്കണവാടി പോഷകാഹാരം-ജി എസ് ടി-ടി ഡി എസ് കുറവ് ചെയ്തില്ല | 1-22 |
| 31 | കോക്ലിയാർ ഇംപ്ലാന്റ് ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു. | 1-23 |
| 32 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - അപാകങ്ങൾ | 1-24 |
| 33 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) അപാകങ്ങൾ - ₹425401 തടസ്സപ്പെടുത്തുന്നു | 1-24-1 |
| 34 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (സ്പിൽ ഓവർ)-അപാകങ്ങൾ -₹1050000 തടസ്സപ്പെടുത്തുന്നു | 1-24-2 |
| 35 | വിദ്യാർത്ഥികളുടെ പ്രാദേശിക പഠന യാത്രയും വാമൊഴി ചരിത്ര രചനയും-പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല | 1-25 |
| 36 | കുടിവെള്ളക്കിണർ നിർമ്മാണം-രേഖകളുടെ അഭാവത്തിൽ ₹ 99000 തടസ്സപ്പെടുത്തുന്നു. | 1-26 |
| 37 | കല്ല്യാശ്ശേരി എഫ് എച്ച് സി ക്ക് മരുന്ന്,ലാബ് റീഏജന്റ് എന്നിവ വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല-ചെലവ് തുക 253503/- രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 38 | പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-28 |
| 39 | സ്കൂൾ കുട്ടികൾക്ക് ഫുട്ബാൾ പരിശീലനം-അപാകങ്ങൾ-₹125000 തടസ്സപ്പെടുത്തുന്നു. | 1-29 |
| 40 | ബാലസഭ ശാക്തീകരണം- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച ₹8000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 41 | പാലിയേറ്റീവ് കെയർ-മുഴുവൻ മരുന്നുകളും ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 49300/-രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 42 | ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 1-32 |
| 43 | മരാമത്ത് പ്രവൃത്തികൾ-നിർവഹണം സംബന്ധിച്ച് | 1-33 |
| 44 | അതിഥിതൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച് | 1-34 |

| | | |
|---|---|---|
| 45 | എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ പ്രവൃത്തി-ജി.എസ്.ടി ഈടാക്കാത്തതു സംബന്ധിച്ച് | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ, വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 10-07-2023 തീയ്യതിയിലെ 02/132/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 10-08-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 31-03- 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
തീയ്യതി: 18-11-2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 അനുബന്ധ പത്രികകൾ സമർപ്പിച്ചിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിൽ അപാകം

ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്‌ളോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-442862 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activities (A+B+C)" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11351341 ആണ്.

## 1-1-4 ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ വ്യത്യാസം

ദുരിതാശ്വാസ നിധി ഇനത്തിലുള്ള നീക്കിയിരിപ്പ് ബി2 ഷെഡ്യൂൾ പ്രകാരം ₹ 7960 ആണ്. എന്നാൽ ബി 17, ആർ.പി. 40 (ബി), എന്നിവ പ്രകാരം ₹ 8260 ആണ്.

## 1-1-5 മുൻക്കൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് 2022-23 വർഷത്തിൽ മുൻക്കൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-6 ഐ.സി.ഡി.എസ് വരവ് ചെലവുകൾ ചേർത്തതിൽ അപാകം

ഐ.സി.ഡി.എസ് ഫണ്ടിന്റെ മുന്നിരിപ്പ് 460817 യും ആർ.പി.30 പ്രകാരമുള്ള വരവ് ₹ 1654373 യും (ആകെ ₹ 2115190) ഐ6 സ്റ്റേറ്റമെന്റ് പ്രകാരം 2022-23 വർഷത്തെ ചെലവ് ₹ 363116 ആണ്. എന്നാൽ നീക്കിയിരിപ്പായി ബി4 സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് ₹1719115 ആണ്. ഗുണ ഭോക്താവിന്റ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുകയിൽ 32959 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ആകാതെ തിരികെ വന്നതിനു ശേഷം വീണ്ടും ഐ.സി.ഡി.എസ് ഫണ്ടിലേക്ക് തന്നെ വരവിലെടുത്തതു കൊണ്ടാണ് ഈ അപാകം സംഭവിച്ചത് എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ-31/16-10-2023) പഞ്ചായത്ത് വ്യക്തമാക്കിയത്. വരവെടുത്ത ഹെഡ്ഡിൽ തന്നെ വരവും ചെലവും രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പിൽ വ്യത്യാസം ഉണ്ടായിട്ടില്ല.

## 1-1-7 വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ആർ. പി. 40 (ബി) , ബി 17എന്നീ ഷെഡ്യൂളുകളിൽ 450210102 Co-operative Bank Account Of Revenue Fund എന്ന ഹെഡ്ഡിൽ ചേർത്തിരിക്കുന്ന അക്കൗണ്ടിൽ 263389 രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അക്കൗണ്ടിന്റെ പാസ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിരുന്നില്ല. ഇത്തരമൊരു അക്കൗണ്ട് നിലവിലില്ലെന്നും സാങ്കേതിക തകരാറു മൂലം ഉണ്ടായ എൻട്രി ആണെന്നുമാണ് പഞ്ചായത്ത് വിശദീകരണം നൽകിയത്. ഈ തുക ഏതെങ്കിലും അക്കൗണ്ടിൽ ഉൾപ്പെട്ട തുകയായിരുന്നോ, എപ്രകാരമാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടതെന്നോ എന്നീ വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-8 തൊഴിലുറപ്പ് പദ്ധതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 1-14(C), 1-14 (F) എന്നിവയിൽ ഉൾപ്പെട്ട തുകകൾ I-6 ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 22-03-2022 തീയതിയിലെ യോഗത്തിലെ 23/22 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കിയ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 26-03-2022 തീയതിയിൽ ചേർന്ന ഭരണസമിതി യോഗത്തിൽ അംഗീകരിച്ചു. (തീരുമാനം നമ്പർ- 1/29/2002) ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 3-3-2023 തീയ്യതിയിലെ യോഗത്തിലെ 15/2023 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ 2022-23 വർഷത്തെ പരിഷ്കരിച്ച ബജറ്റിന് ഭരണസമിതിയുടെ 15-03-2023 തീയതിയിലെ 64/2023നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4349757 | 33613823 |
| വരവ് | 229449666 | 172746681 |

| | | |
|---|---|---|
| ആകെ | 233799423 | 206360504 |
| ചെലവ് | 226776700 | 195726502 |
| നീക്കിയിരിപ്പ് | 7022723 | 10634002 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21590712.11 |
| വരവ് | 53573262 |
| ആകെ | 75163974.11 |
| ചെലവ് | 54016124 |
| നീക്കിയിരിപ്പ് | 21147850.11 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 2842083 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 25258000 | 25258000 | 21946919 | 3311081 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 3387000 | 3387000 | 3043121 | 343879 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 5601000 | 5601000 | 4776822 | 824178 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 5499000 | 5499000 | 4178766 | 1320234 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 1132863 | 3489680 | 4622543 | 2634875 | 1987668 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 4238193 | 5884119 | 10122312 | 3885135 | 6237177 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 17734 | 19477298 | 19495032 | 18590104 | 904928 |
| ഐ.സി.ഡി.എസ് | 460817 | 1621414* | 2082231 | 363116 | 1719115 |
| സാക്ഷരത | 103046 | 85 | 103131 | - | 103131 |
| ടി.എസ്.സി | 1316261 | 167788 | 1484049 | 28940 | 1455109 |
| ശുചിത്വ മിഷൻ | 126102 | - | 126102 | - | 126102 |
| എം.എൽ.എ. ഫണ്ട് | 1105 | 32 | 1137 | - | 1137 |
| ഹെൽത്ത് ഗ്രാന്റ് | - | 111543 | 111543 | 74122 | 37421 |
| ആയുർവേദ | 27919 | - | 27919 | - | 27919 |

| | | | | | |
|---|---|---|---|---|---|
| ക്യാപ്പിറ്റൽ | | | | | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഗ്രാന്റ് | 111975 | - | 111975 | - | 111975 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള വിവിധോദ്ദേശ്യ ഗ്രാന്റുകൾ | 1057593 | 740636 | 1798229 | 188583 | 1609646 |
| നാഷണൽ ഹെൽത്ത് മിഷൻ | - | 450000 | 450000 | 144993 | 305007 |
| ഹെൽത്ത് ഗ്രാന്റ് (320400199) | - | 239574 | 239574 | - | 239574 |
| ആശ്രയ | 334004 | - | 334004 | - | 334004 |

ആർ.പി 30 ഷെഡ്യൂളിൽ ഐ.സി.ഡി.എസ് വരവിൽ 32959 രൂപ തെറ്റായി അധികം ചേർത്തിരിക്കുന്നു.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 191 | 147 | 58 | 44 | 46.59 |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 6 | 7258176 | 7245376 | 99.82 |
| 2 | വെറ്ററനറി സർജൻ | 5 | 5 | 2532500 | 1472455 | 58.14 |
| 3 | മെഡിക്കൽ ആഫീസർ പി.എച്ച്.സി. | 12 | 12 | 3785583 | 3144235 | 83.05 |
| 4 | മെഡിക്കൽ ആഫീസർ, ഹോമിയോ | 4 | 4 | 550000 | 544993 | 99.08 |
| 5 | മെഡിക്കൽ ആഫീസർ ആയുർവേദം | 2 | 2 | 1625000 | 1625000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 6 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 84000 | 75400 | 89.76 |
| 7 | വി.ഇ.ഒ ഇരിണാവ് സർക്കിൾ | 14 | 13 | 21930000 | 11042296 | 50.35 |
| 8 | വി.ഇ.ഒ കല്ല്യാശ്ശേരി സർക്കിൾ | 8 | 6 | 5441900 | 1880000 | 34.54 |
| 9 | ICDS സൂപ്പർവൈസർ | 11 | 9 | 6658285 | 5170564 | 77.65 |
| 10 | സെക്രട്ടറി | 25 | 21 | 7425887 | 6339741 | 85.37 |
| 11 | ഹെഡ്മാസ്റ്റർ | 14 | 10 | 2560000 | 1636635 | 63.93 |
| 12 | അസി. എഞ്ചിനീയർ | 82 | 51 | 43864638 | 17232355 | 39.28 |
| 13 | ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 1020000 | 1020000 | 100 |
| 14 | അസി.സെക്രട്ടറി | 5 | 5 | 1048096 | 1048096 | 100 |
| | ആകെ | 191 | 147 | 105784065 | 59477146 | 56.22 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 17734 | 824921 (അഡ്മിൻ)+6963 (പലിശ)+69135 (ജി.ഐ.എസ്. സർവേ) =901019 | 918753 | 13825 | 904928 |
| തൊഴിൽകൂലി + മെറ്റീരിയൽ | - | 18576279 | 18576279 | 18576279 | - |
| ആകെ | 17734 | 19477298 | 19495032 | 18590104 | 904928 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 4731400 | 401 |
| വിധവാപെൻഷൻ | 11337600 | 1081 |
| വാർദ്ധക്യകാലപെൻഷൻ | 29426300 | 2889 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3168300 | 187 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1982100 | 194 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-10-2023 തീയ്യതിയിൽ 02.10 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 9336/- (ഒൻപതിനായിരത്തി മുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് സാരമായ അപകങ്ങളില്ല. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി പ്രതിമാസ കാര്യാലയ യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ വഴി ജോലി വിഭജനം ക്രമീകരിച്ചിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം നാലു പ്രാവശ്യം ഗ്രാമ സഭകൾ ചേർന്നിട്ടുണ്ട്. കോറം തികഞ്ഞിട്ടുണ്ടെങ്കിലും ഗ്രാമ സഭകളിൽ ജന പങ്കാളിത്തം കുറവാണ്.

## 1-11 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ

മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ്(2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം ചില കെട്ടിടങ്ങളുടെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ഉദാഹരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം(ചതുരശ്ര മീറ്ററിൽ.) |
|---|---|---|
| പൂവൻകുളത്തിൽ അബ്ദുൽ നാസർ,അബ്ദുൽ സത്താർ | 16/262 A, B, C, D, E, F, G, H, J, K, L, M,N,O,P,Q,R,S,T,U,V | 715.8 |
| കുന്നമ്മൽ വീട്ടിൽ ഗീത | 2/709 A, B, C, D, E, F, G, H, J, K, L, M | 375.18 |

മേൽ അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.15/12.10.2023) വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ മുഴുവൻ ഭാഗങ്ങൾ ചേർന്നാണ് 250 ചതുരശ്രമീറ്ററിനു മുകളിൽ വരുന്നതെന്നും അങ്ങനെയുള്ള സാഹചര്യത്തിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താനുള്ള സൗകര്യം നിലവിൽ ലഭ്യമല്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് വസ്തു നികുതി ക്രമപ്പെടുത്തുന്നതുമാണെന്നുള്ള മറുപടി നൽകി.100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്തേണ്ടതുമാണ്. ടി സൗകര്യം സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ ചെയ്യേണ്ടതാണ്.

## 1-12 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ മൊബൈൽ ടവർ വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനം വസ്തു നികുതി ഈടാക്കുന്നതിൽ കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു.

| മൊബൈൽ ടവറിൻ്റെ പേര് | വാർഡ്/ കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തു നികുതി + ലൈബ്രറി സെസ്+സർവീസ് ചാർജ് (രൂപയിൽ) | കുടിശ്ശിക വരുത്തിയ കാലയളവ് | ഈടാക്കേണ്ട കുടിശ്ശിക തുക (രൂപയിൽ) |
|---|---|---|---|---|
| ഭാരതി എയർടെൽ കൊച്ചിൻ | 9/36 | 8850+221+265 | 2022-23 | 9336/- |
| | | | ആകെ | 9336/- |

വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിനെതിരെ കേസുണ്ടെങ്കിൽ ആയതിന്റെ കേസ് ഫയലും തുടർനടപടി വിവരവും അറിയിക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം. 12/11.10.23) ടി സ്ഥാപനം വസ്തു നികുതി അടവാക്കാത്തതിനാൽ STC 357/2023 നമ്പർ ആയി ബഹു ജുഡീഷ്യൽ മജിസ്ട്രേറ്റ് കണ്ണൂർ മുമ്പാകെ പ്രോസിക്യൂഷൻ നടപടികൾക്കായി കേസ് ഫയൽ ചെയ്തിട്ടുള്ളതാണെന്നും നടപടികൾ തുടരുന്നുണ്ടെന്നുമുള്ള മറുപടി നൽകി.കേസ് നടപടികളുടെ തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207-ൽ വസ്തുനികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയും ഒഴിവാക്കി നൽകിയിട്ടുണ്ട്. ടി കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.9/11.10.23) ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് | തറ വിസ്തീർണം (ചതുരശ്ര മീറ്ററിൽ) | രേഖപ്പെടുത്തിയ ഗണം | നികുതി ഒഴിവാകാനുള്ള കാരണം (സഞ്ചയ സോഫ്റ്റ്‌വെയറിൽ) | ലഭ്യമായ മറുപടി |
|---|---|---|---|---|---|---|
| 1 | 18/521A | കുറുവയിൽ വടക്കിനിയിൽ രുഗ്മിണിയമ്മ | 156 (താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | രേഖപ്പെട്ടത്തിയിട്ടില്ല | വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടം |
| 2 | 3/574B | പ്രസിഡണ്ട്, ഇസ്സത്തുൽ ഇസ്ലാം മദ്രസ കമ്മിറ്റി | 180(താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | രേഖപ്പെട്ടത്തിയിട്ടില്ല | വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടം |
| 3 | 6/95 | മാനേജിങ്ങ് ഡയറക്ടർ പയ്യന്നൂർ ഖാദി സെൻറർ | 330(താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | രേഖപ്പെട്ടത്തിയിട്ടില്ല | സർക്കാർ സ്ഥാപനം |
| 4 | 8/386 | തീയ്യഞ്ചേരി നടുവിലെ വീട്ടിൽ മീനാക്ഷി | 59.14(താഴത്തെ നില),270.84(ഒന്നാം നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | രേഖപ്പെട്ടത്തിയിട്ടില്ല | വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടം |
| 5 | 9/277 | എം വി മാധവി അമ്മ | 240(താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | രേഖപ്പെട്ടത്തിയിട്ടില്ല | വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടം |
| 6 | 16/69 | മാനേജർ ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ കണ്ണൂർ | 166.99(താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | രേഖപ്പെട്ടത്തിയിട്ടില്ല | ജില്ലാ വ്യവസായ കേന്ദ്ര കെട്ടിടം |
| 7 | 16/367 | കെ.വി.മോഹനൻ | 150 (താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | രേഖപ്പെട്ടത്തിയിട്ടില്ല | വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടം |
| 8 | 16/368 | കെ.വി.മോഹനൻ | 180 (താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപെട്ട കെട്ടിടങ്ങൾ | രേഖപ്പെട്ടത്തിയിട്ടില്ല | വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടം |

മേൽ പരാമർശിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആവശ്യമെങ്കിൽ സഞ്ചയയിൽ മാറ്റം വരുത്തി നികുതി പുനർനിർണയം നടത്തുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-14 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം-ഫീൽഡ് പരിശോധന നടത്തി

സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കണ്ടു. ഉപയോഗ ക്രമം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നം.14/12.10.23) എൻക്വയറിയിൽ പ്രതിപാദിച്ച കെട്ടിടങ്ങളുടെ അപേക്ഷയിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയപ്പോൾ തെറ്റ് വന്ന പോയതാണെന്ന് മറുപടി നൽകി. അപേക്ഷ സമർപ്പിക്കുമ്പോൾ ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതും ആയത് ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ അതീവ ശ്രദ്ധ പുലർത്തേണ്ടതുമാണ്. സഞ്ചയയിൽ പരിശോധിച്ചത് പ്രകാരം ഉപയോഗക്രമത്തിൽ ഫീൽഡ് പരിശോധനയിലൂടെ വ്യക്തത വരുത്തേണ്ട കെട്ടിടങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപന വിവരം | വാർഡ്/കെട്ടിട നമ്പർ | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗക്രമം |
|---|---|---|---|---|
| 7 | ജീവശ്രീ അമൃതം ന്യൂട്രിമിക്സ് | അമൃതം ന്യൂട്രിമിക്സ് നിർമാണം | 16/69 | നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 48 | അബ്ദുൽ ഷുക്കൂർ | ജിപ്സം പാലസ് | 17/26 | പാർപ്പിടാവശ്യം |
| 84 | രമേശൻ തൈക്കണ്ടി | കൃഷ്ണ ട്രേഡേഴ്സ് | 15/340 | പാർപ്പിടാവശ്യം |
| 299 | കെ എം മുഹമ്മദ് ശരീഫുൽ മദനി | ഷോപ്രിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 11/1B | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 159 | കെ തുളസീദാസൻ | കള്ള് ഷാപ്പ് ഇരിണാവ് | 2/631 | പാർപ്പിടാവശ്യം |

ടി കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് ഫീൽഡ് പരിശോധന റിപ്പോർട്ട് സമർപ്പിക്കേണ്ടതും ഉപയോഗക്രമം വ്യത്യസ്തമാണെങ്കിൽ ആയതിനനുസൃതമായ വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 4/0 | 123 (താഴത്തെ നില) | കൊയ്യലൻ ശാന്ത | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 4/507 | 65.3 (താഴത്തെ നില)<br>25.01( ഒന്നാം നില) | എലിയൻ കുഞ്ഞിരാമൻ | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 4/519 | 116.39 (താഴത്തെ നില) | പുളിയങ്കോടൻ കുഞ്ഞിരാമൻ | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 4 | 4/636E | 97.68 (താഴത്തെ നില) 24.12( ഒന്നാം നില) | പെനാച്ചേരി ബാലൻ | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 4/669 | 85.5 (താഴത്തെ നില) | കിരണ്ടും കര കുഞ്ഞപ്പ നായർ | രേഖപ്പെടുത്തിയിട്ടില്ല |
| 6 | 5/166 | 66.93 (താഴത്തെ നില) | അരിങ്ങളയൻ അലക്സാണ്ടർ | രേഖപ്പെടുത്തിയിട്ടില്ല |
| 7 | 5/178A | 75 (താഴത്തെ നില),55( ഒന്നാം നില) | കപ്പള്ളി സാവിത്രി | രേഖപ്പെടുത്തിയിട്ടില്ല |
| 8 | 5/202C | 79.92 (താഴത്തെ നില),62.21( ഒന്നാം നില) | ചാലങ്ങോടൻ എടക്കാടൻ ശ്യാമള | രേഖപ്പെടുത്തിയിട്ടില്ല |
| 9 | 5/262 | 72 (താഴത്തെ നില) | ഒതയോത്ത് പട്ടേരി പ്രഭാകരൻ | രേഖപ്പെടുത്തിയിട്ടില്ല |
| 10 | 5/629 | 95 (താഴത്തെ നില) | നെല്ലിവളപ്പിൽ രാമകൃഷ്ണൻ | രേഖപ്പെടുത്തിയിട്ടില്ല |
| 11 | 6/15A | 73.95 (താഴത്തെ നില) | മഞ്ഞേരകത്ത് ൧ംല 2. ജമീല | രേഖപ്പെടുത്തിയിട്ടില്ല |
| 12 | 6/351 | 125(താഴത്തെ നില) | എരുമ്മൽ കല്യാണി | രേഖപ്പെടുത്തിയിട്ടില്ല |
| 13 | 13/493 | 79.46 (താഴത്തെ നില) | പി വി രാധ | രേഖപ്പെടുത്തിയിട്ടില്ല |
| 14 | 15/100A | 162 (താഴത്തെ നില) | മുത്തച്ചി പുതിയ പുരയിൽ ജനാർദ്ദനൻ | രേഖപ്പെടുത്തിയിട്ടില്ല |
| 15 | 16/392 | 75 (താഴത്തെ നില) | മൊത്തങ്ങ കുഞ്ഞിരാമൻ | രേഖപ്പെടുത്തിയിട്ടില്ല |
| 16 | 16/573 | 88 (താഴത്തെ നില) | 1.ആയിഷ പി കെ 2 .അൻസാർ പി പി | രേഖപ്പെടുത്തിയിട്ടില്ല |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.8/11.10.2023) ഡാറ്റ എൻട്രി സമയത്ത് ARV പൂജ്യം രേഖപ്പെടുത്തിയതിനാലാണ് നികുതി വരാതിരുന്നതെന്നും ബന്ധപ്പെട്ട വാർഡ് ക്ലർക്കുമാർ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് നികുതി ചുമത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കി. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതും കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതി ഈടാക്കേണ്ടതുമാണ്.

## 1-16 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ നിർണയം-മൂലധന നിക്ഷേപം രേഖപ്പെടുത്തിയതിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

സ.ഉ (പി)നം.80/2017/തസ്വഭവ തീയതി 31.10.2017 പ്രകാരം പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്.ഐ എൽ ജി എം എസ് വഴിയാണ് ഗ്രാമപഞ്ചായത്ത് അപേക്ഷകൾ സ്വീകരിക്കുന്നത്. പഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതിനും പുതുതായി എടുക്കുന്നതിനും നേരിട്ട് ലഭ്യമായ അപേക്ഷകളിൽ മിക്കതിലും മൂലധന നിക്ഷേപം മേഖലയുടെ അടിസ്ഥാനത്തിൽ

രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത വ്യക്തമായിട്ടില്ല. ഫീൽഡ് പരിശോധന നടത്തി സ്ഥാപനത്തിന്റെ തരം മനസ്സിലാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-17 തനതു വിഭവ സമാഹരണം-പൊതു അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവസമാഹരണം അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതിനികുതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ തനത് വരുമാന വർദ്ധവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തുനികുതി:

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെയടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിരുന്നവ) 2013 ഏപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തിക വർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ.(കൈ)നമ്പർ.77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)25/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 24-07-2023 തീയതിയിലെ 147/2023 നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയയിൽ പുതിയ നിരക്ക് ലഭ്യമല്ലാത്തതിനാൽ പഴയ നിരക്കിലാണ് ഇപ്പോഴും വസ്തു നികുതി ഈടാക്കുന്നതെന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.6/11.10.23) മറുപടി നൽകി. ഒട്ടുമിക്ക കെട്ടിടങ്ങൾക്കും ഉപവിഭാഗങ്ങൾക്കും കൂടിയ നിരക്ക് തന്നെ അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. വരവിനങ്ങളിലെ കുടിശ്ശിക വിവരവും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാണിജ്യ കെട്ടിടങ്ങളിലെയും വാസഗൃഹങ്ങളുടെയും നിയമാനുസൃതം ഒഴിച്ചിടേണ്ട മുൻവശത്തെ തുറസായ സ്ഥലങ്ങൾ ചട്ടവിരുദ്ധമായി കെട്ടിയടച്ച് നടത്തുന്ന നിർമാണങ്ങൾ പൊളിച്ചു നീക്കുന്നതിനുള്ള നോട്ടീസ് നൽകിയതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കെട്ടിടയുടമകൾ 9 ബി ഫാറത്തിൽ നൽകിയ വിവരങ്ങളുടെയടിസ്ഥാനത്തിലും 01-04-2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പ്രകാരവും ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. വസ്തുനികുതി ചുമത്തുന്നതിന് കെട്ടിടങ്ങളെ കണ്ടെത്തുന്നതിനുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി ഐ എസ്) മാപ്പിംഗ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാത്ത സാഹചര്യത്തിൽ മുഴുവൻ കെട്ടിടങ്ങളും ഫീൽഡ് പരിശോധനയിലൂടെ തന്നെ കണ്ടെത്തേണ്ടതുണ്ട്. സർക്കാരിൽ നിന്നും ഇതു സംബന്ധിച്ച തുടർനിർദ്ദേശങ്ങൾ ലഭിക്കാത്തതിലാണ് തുടർനടപടികൾ സ്വീകരിക്കാതിരിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് അറിയിക്കുകയുണ്ടായി. അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയയിൽ ഉൾപ്പെടുത്തുന്ന തീയതിക്ക് മുൻപ് പഴയ നിരക്കുകളുടെയടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ മുഴുവൻ പുതിയ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരിക്കേണ്ടതും നികുതി വ്യത്യാസം ക്രമീകരിക്കേണ്ടതുമുണ്ട്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ

പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

വസ്തുനികുതി - സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ച.

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ഇത്തരം സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ വർഷങ്ങളായി ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയിൻമേൽ സേവനഉപനികുതി നിശ്ചയിച്ച് ചുമത്തിയിട്ടില്ല. 2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിലും സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് സേവനഉപനികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

അനധികൃതനിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ച.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 302 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുണ്ട്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ പ്രകാരം യു എ നമ്പർ നൽകി വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാകു. പരിശോധന ചുമതലയിലുള്ള ജീവനക്കാർ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നതിനിടയാക്കുന്നുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിൽനികുതി:

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാ ബേസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തിയ അർദ്ധ വാർഷിക വരുമാനവും തൊഴിൽ നികുതിയും ശരിയായ രീതിയിൽ

പരിശോധനയ്ക്ക് വിധേയമാക്കാത്തത് കാരണം നികുതിയീടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE & OS ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ:

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പു വരുത്താവുന്നതാണ്.

3.ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ്. അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

5. വാണിജ്യ പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ പാട്ടത്തിന് നല്കി വരുമാനം വർധിപ്പിക്കാവുന്നതാണ്.

6. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9.സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ).നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1-ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള

നടപടികളും സ്വീകരിക്കേണ്ടതാണ്.

**1-18 നിക്ഷേപ പ്രവർത്തികൾ വിനിയോഗ സാക്ഷ്യ പത്രമില്ലാതെ ബാലൻസ് ഷീറ്റിൽ തുടരുന്നു.2022-23 ലെ ചെലവ് തുക- 53449 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം താഴെ ചേർക്കും പ്രകാരമുള്ള നിക്ഷേപ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകാനുണ്ട്.

| ക്രമ നമ്പർ | നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യ പത്രം പ്രകാരം ചെലവായതുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ-119/2016 | ലഭ്യമല്ല | 106000 | ലഭിച്ചിട്ടില്ല | 106000 |
| 2 | കേരള ജല അതോറിറ്റി | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ (പ്രോജക്ട് നം. 158/2016) | ലഭ്യമല്ല | 81500 | ലഭിച്ചിട്ടില്ല | 81500 |
| 3 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ അറ്റ് ഇരിണാവ് ടോഡി ഷോപ്പ് | 22200826 /12-01-23 | 12449 | ലഭിച്ചിട്ടില്ല | 12449 |
| 4 | കേരള ജല അതോറിറ്റി Ws ഡിവിഷൻ തളിപ്പറമ്പ് | സ്ട്രീറ്റ് ടാപ്പ് കണക്ഷൻ ഒഴിവാക്കുന്ന തിനുള്ള ഡിസ്മാന്റിലിംഗ് ഫീസ് | 22200727/12-12-22 | 41000 | ലഭിച്ചിട്ടില്ല | 41000 |

2022-23 വർഷത്തിൽ തുകകൾ നിക്ഷേപിച്ച ക്രമ നമ്പർ 3,4 എന്നിവ പ്രകാരമുള്ള പദ്ധതികളിൽ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽ സൂചിപ്പിച്ച നാല് പ്രവർത്തികളും പൂർത്തിയായതായി ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നമ്പർ-16/12-10-23 മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമായിട്ടില്ല.

ഡെപ്പോസിറ്റ് പ്രവ്യത്തികളുടെ പ്രവ്യത്തി പുരോഗതി വിലയിരുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടാകുന്നില്ല എന്നത് ഗൗരവകരമായ വീഴ്ചയാണ്. ഡെപ്പോസിറ്റ് പ്രവ്യത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09-03-2022, 10-07-2022 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം 64/22, 179/22 എന്നിവയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ 2022-23 വർഷത്തിലെ ചെലവ് തുകയായ 53449 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-19 സ്മാർട്ട് ഐ പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. 177000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0240/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഐ – ഫേസ് I |
| അടങ്കൽ | 177000 തനത് ഫണ്ട് |
| ചെലവഴിച്ച തുക | 177000 |
| ബിൽ നമ്പർ, തീയ്യതി | 242/17-02-2023 |

മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ-17/12-10-23) മറുപടിയോടൊപ്പം ഹാജരാക്കിയ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കത്തിൽ, ടെണ്ടർ നടപടികൾ പൂർത്തിയായി വരികയാണെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 177000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി തടസം ഒഴിവാക്കാവുന്നതാണ്.

## 1-20 ആയുർവ്വേദ ആശുപത്രിയിലെ യൂനാനി വിഭാഗത്തിന് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായില്ല-₹7730 തടസ്സപ്പെടുത്തുന്നു.

കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രി യൂനാനി വിഭാഗത്തിന് മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് താഴെ പരാമർശിക്കുന്ന പ്രൊജക്റ്റ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| പ്രൊജക്ട് നമ്പർ / പേര് | 17/23 ആയുർവ്വേദ ആശുപത്രിയിലെ യൂനാനി വിഭാഗത്തിന് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹225000 (മെയിന്റൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | ₹225000 (മെയിന്റൻസ് ഫണ്ട് -റോഡിതരം) |
| ബിൽ നം. തീയതി/തുക | 88/27.09.2022 ₹125000<br>162/17.12.2022 ₹100000<br>(ACR പ്രകാരം) |

മേൽ പറഞ്ഞ ബിൽ പ്രകാരം ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഇന്ത്യൻ മെഡിസിൻ കേരള ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് ആകെ ₹225000 (A/c No.0612073000000181) ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നമ്പർ Unani-05/2022-23(GP Fund)/06.08.22 പ്രകാരം ആവശ്യപ്പെട്ട 125000/- രൂപയുടെ മരുന്ന് 26.12.22 ഇൽ ലഭ്യമാകുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നമ്പർ Unani-12/2022-23(GP Fund)/06.12.22 പ്രകാരം ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഇന്ത്യൻ മെഡിസിൻ കേരള ലിമിറ്റഡിന് 100000/-രൂപ നൽകിയതിൽ 92270/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. ബാക്കി വരുന്ന മരുന്നുകൾ ലഭ്യമായ രേഖകളും സ്റ്റോക്കിലെടുത്ത വിവരവും ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11/11.10.2023) മരുന്നുകൾ ലഭ്യമാകാനുണ്ട് എന്നറിയിച്ചു. 7730/-(100000-92270) രൂപയുടെ മരുന്നുകൾ ലഭ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത ചെലവ് തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധ രേഖകൾ സമർപ്പിച്ച് ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-ചെലവ് തുകയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.₹ 400000 തടസ്സപ്പെടുത്തുന്നു.

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ശേഖരിക്കുന്ന പുനചംക്രമണ യോഗ്യമല്ലാത്ത അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ഹരിത കർമസേന അംഗങ്ങൾക്ക് ആവശ്യമായ സുരക്ഷ ഉപകരണങ്ങളും സാധന സാമഗ്രികളും വാങ്ങി നൽകുന്നതിനും, ഡ്രൈവർക്കുള്ള വേതനം നൽകുന്നതിനുമാണ് ഈ പ്രോജക്ട്. ഗ്രാമപഞ്ചായത്ത് ശേഖരിക്കുന്ന പുനചംക്രമണ യോഗ്യമല്ലാത്ത അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് താഴെ പരാമർശിച്ച പ്രോജക്ട് പ്രകാരം ക്ലീൻകേരള കമ്പനിക്ക് തുക നൽകിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കല്ല്യാശ്ശേരി സർക്കിൾ |
| പ്രൊജക്ട് നമ്പർ / പേര് | 13/23 സമഗ്ര മാലിന്യ പരിപാലനം ക്ലീൻ കേരള ഹരിത കർമസേന മുഖേന |
| അടങ്കൽ<br>₹ 400000 | ₹250000-(വികസന ഫണ്ട്)<br>₹150000-(തനത് ഫണ്ട്) |
| ചെലവ്<br>₹ 400000 | ₹250000-(വികസന ഫണ്ട്)<br>₹150000- (തനത് ഫണ്ട്) |
| ബിൽ നമ്പർ/തീയതി | ₹ 58410 ബിൽ നമ്പർ 10/19.08.2022 (വികസന ഫണ്ട്)<br>₹ 14750 ബിൽ നമ്പർ 11/05.09.2022 (വികസന ഫണ്ട്)<br>₹ 24500 ചെക്ക് നമ്പർ 937865/13.09.2022 (തനത് ഫണ്ട്)<br>₹ 4115 ചെക്ക് നമ്പർ 055171/03.01.2023 (തനത് ഫണ്ട്)<br>₹ 176840 ബിൽ നമ്പർ 14/15.12.2022 (വികസന ഫണ്ട്)<br>₹ 95976 ചെക്ക് നമ്പർ 28896/06.03.2023 (തനത് ഫണ്ട്)<br>₹ 25409 ചെക്ക് നമ്പർ 28909/27.03.2023 (തനത് ഫണ്ട്)<br>₹ 400000 |

ക്ലീൻകേരള കമ്പനിയുടെ ഇൻവോയ്സ് നം.D23/SER22-22/121 തി:23.03.22, ഇൻവോയ്സ് നം.D23/SER22-23/341 തിയ്യതി 03.09.22, ഇൻവോയ്സ് നം.D23/SER22-23/432 തിയ്യതി 10.10.22 പ്രകാരം 4950KG, 20400 Kg, 2720 KG ലഗസി വേസ്റ്റ് സംസ്കരിച്ചതിന് യഥാക്രമം ₹ 58410, ₹240720, ₹32096 ക്ലീൻകേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് തുകയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പാഴ് വസ്തുക്കളുടെ തൂക്കം രേഖപ്പെടുത്തുന്ന വെയിംഗ് ബ്രിഡ്ജ് രസീത്, ക്ലീൻകേരള കമ്പനി വേസ്റ്റ് പുനചംക്രമണത്തിനായി സ്വീകരിച്ച രേഖ, ലെഗസി വെയ്സ്റ്റ് കൈമാറിയതായുള്ള സെക്രട്ടറിയുടെ സാക്ഷ്യപത്രം, ഹരിതകർമ്മസേന വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്റർ, ഹരിതകർമ്മസേന വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/12.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹ 400000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അങ്കണവാടി പോഷകാഹാരം-ജി എസ് ടി-ടി ഡി എസ് കുറവ് ചെയ്തില്ല

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് അങ്കണവാടികളിലെ 6 മാസം മുതൽ 3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരം നൽകുന്നതിനാണ് താഴെ പരാമർശിക്കുന്ന പ്രൊജക്റ്റ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ | S0015/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| അടങ്കൽ ₹3400000 | ₹2500000-വികസന ഫണ്ട് സാധാരണവിഹിതം, ₹900000,കേന്ദ്രാവിഷ്കൃത വിഹിതം |
| ചെലവ് ₹2863116<br><br>ബിൽ നം./തീയതി | 26/27.6.22 ₹607741/-<br>44/25.7.22 ₹229949/-<br>74/10.9.22 ₹390561/-<br>113/25.10.22 ₹272293/-<br>129/21.11.22 ₹281188/-<br>207/25.01.23 ₹718268/-<br>(മേൽ സൂചിപ്പിച്ച വൗച്ചറുകൾACR പ്രകാരമുള്ളത്)<br>വൗച്ചർ നം.22201024/18.03.2023 ₹363116/- (ബിൽ രജിസ്റ്റർ പ്രകാരം) |

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1.ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി – ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ജി എസ് ടി -ടി ഡി എസ് ചെയ്യാതെയാണ് ന്യൂട്രിമിക്സ് യൂനിറ്റിന് ബിൽ തുക നല്കിയിട്ടുള്ളത്.

2022-23 സാമ്പത്തിക വർഷം ജീവശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിന് നല്കിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | അളവ്<br>(കി.ഗ്രാം) | തുക(രൂപ)<br>(70/കി ഗ്രാം + 5% ജി എസ് ടി) |
|---|---|---|
| 48/21.03.22 | 1866.375 | 137178 |
| 6/5.5.22 | 1636.875 | 120310 |
| 8/26.5.22 | 1080 | 79380 |
| 12/20.06.22 | 1346.625 | 98977 |
| 17/25.07.22 | 1390.5 | 102202 |
| 21/30.8.22 | 1417.5 | 104186 |
| 25/30.09.22 | 1400.625 | 102946 |
| 31/31.10.22 | 1454.625 | 106915 |
| 35/1.12.22 | 1437.75 | 105675 |
| 39/3.1.23 | 1417.5 | 104186 |
| 41/31.1.23 | 1474.87 | 108403 |
| 47/27.2.23 | 1488.375 | 109396 |
| ആകെ | 17411.62 | 1279754/- |

ജി എസ് ടി-ടി ഡി എസ് കുറവു ചെയ്യാതെ തുക നല്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 23/13.10.23) തുടർന്നുള്ള വർഷം മുതൽ ജി എസ് ടി-ടി ഡി എസ് ചെയ്യാമെന്ന് അറിയിച്ചു. മേൽപ്പറഞ്ഞ ബില്ലുകൾ ജി എസ് ടി റിട്ടേണുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 കോക്ലിയാർ ഇംപ്ലാന്റ് ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന്

## വിഹിതം നൽകൽ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക ₹100000 തടസ്സപ്പെടുത്തുന്നു.

2022-23 വർഷം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണ മെയ്ന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകുന്നതാണ് താഴെ പരാമർശിക്കുന്ന പ്രൊജക്റ്റ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നമ്പർ / പേര് | S0135/23 കെ എസ് എസ് എം വഴി കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് വിഹിതം നൽകൽ |
| അടങ്കൽ | ₹100000 (വികസനഫണ്ട്-പൊതുവിഭാഗം സാധാരണവിഹിതം) |
| ചെലവ്₹100000 ബിൽ നം./തീയ്യതി | 325/17.03.2023/₹100000 (ACR പ്രകാരം) |

സ.ഉ.(സാധാ)നം.426/2019/ തസ്വഭവ തീയതി 26.02.2019 പ്രകാരം കോക്ലിയർ ഇമ്പ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.

ദിയ ടി ടി D/o രമിഷ എ, മാങ്ങാട്, വിവേഷ് നാഷ് S/o വിജുല നാഷ്, പാറപ്പുറം എന്നീ 2 കുട്ടികൾക്ക് കോക്ലിയർ ഇമ്പ്ലാൻറ് മെയിന്റനന്സിന് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ട്രഷറി അക്കൗണ്ടിലേക്ക് ( 701011400000134) മേൽ ബിൽ പ്രകാരം 100000/-രൂപ കൈമാറിയിട്ടുണ്ട്.പ്രസ്തുത തുക വിനിയോഗിച്ചതുമായി ബന്ധപ്പെട്ട വിനിയോഗസാക്ഷ്യപത്രം ഹാജരാകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം. 22/13.10.23) ആയത് ലഭ്യമാക്കുന്നതിന് KSSM ന് റിക്വസ്റ്റ് നൽകിയിട്ടുണ്ട് എന്ന മറുപടി അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ചെലവ് തുക 100000/- രൂപ തടസ്സപ്പെടുത്തുന്നു. ധന വിനിയോഗ സാക്ഷ്യപത്രവും രണ്ട് കുട്ടികൾക്കും സമയപരിധിക്കകം ഉപകരണങ്ങളുടെ പരിപാലനം നടന്നു എന്ന മോണിറ്ററിങ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09-11-2023 ലെ ഡിഎ1 284/2023 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - അപാകങ്ങൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-24-1 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) അപാകങ്ങൾ - ₹425401 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ, ഇരിണാവ് സർക്കിൾ |
| പ്രൊജക്റ്റ് നമ്പർ | 26/23 |
| പ്രൊജക്റ്റിന്റെ പേര് | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ധനകാര്യകമ്മീഷൻ അവാർഡ് -₹550000 |
| ചെലവ് | ₹₹475401 |
| ബിൽ നമ്പർ | ₹50000 ബിൽ നമ്പർ 6/27.05.2022<br>₹100000 ബിൽ നമ്പർ 7/27.05.2022<br>₹100000 ബിൽ നമ്പർ 8/27.05.2022<br>₹50000 ബിൽ നമ്പർ 18/21.06.2022<br>₹100000 ബിൽ നമ്പർ 20/22.06.2022<br>₹24329 ബിൽ നമ്പർ 28/30.06.2022 |

| | |
|---|---|
| | ₹1072 ബിൽ നമ്പർ 43/25.07.2022<br>₹50000 ബിൽ നമ്പർ 254/21.02.2023<br>ആകെ : ₹475401 |

മേൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക (2021-22) | അനുവദിച്ച തുക (2022-23) | ആകെ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കാർത്യായനി സി | ₹ 50000 | ₹ 50000 | ₹ 100000 | Detailed Valuation Certificate ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | പ്രസന്നകുമാരി | ₹ 50000 | ₹ 50000 | ₹ 100000 | Detailed Valuation Certificate ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 3 | സഫിയ എം ടി | ₹ 50000 | ₹ 24329 | ₹ 74329 | Detailed Valuation Certificate ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 4 | ജാനകി എ സി | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 5 | ജമീല | ₹ 50000 | ₹ 1072 | ₹ 51072 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 6 | മീത്തൽ ദേവി | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 7 | കാർത്യായനി സി | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 8 | ശാന്ത പി | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 9 | പി വി ശ്യാമള | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തു.പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 22 | ശോഭന | ₹ 50000 | ₹ 50000 | ₹ 100000 | Detailed Valuation Certificate ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | ആകെ | | ₹425401 | | |

## 1-24-2 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (സ്പിൽ ഓവർ)-അപാകങ്ങൾ -₹1050000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ, ഇരിണാവ് സർക്കിൾ |
| പ്രൊജക്റ്റ് നമ്പർ | 25/23 |
| പ്രൊജക്റ്റിന്റെ പേര് | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | തനത് ഫണ്ട് -₹1400000 |
| ചെലവ് | ₹1151506 |
| ബിൽ നമ്പർ | ₹336884 ബിൽ നമ്പർ 3040895/06.06.2022<br>₹764622 ചെക്ക് നമ്പർ 3040896/21.06.2022<br>₹50000 ബിൽ നമ്പർ 937834/30.08.2022<br>ആകെ : ₹1151506 |

മേൽ പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക (2021-22) | അനുവദിച്ച തുക (2022-23) | ആകെ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ദേവകി പി പി | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തു. പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 2 | രതീശൻ എം | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തു.പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 3 | ഗീത എൻ കെ | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 4 | പാഞ്ചാലി ഇ | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തുപ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 5 | യശോദ പി | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 6 | പി വി രാജീവൻ | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 7 | കാഞ്ചന | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 8 | കാഞ്ചന | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 9 | അട്ടൂർ ഗൌരി | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 10 | ദേവിയമ്മ | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 11 | പുഷ്പവല്ലി | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 12 | ശ്രീജ കെ | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 13 | വി ശാരദ | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 14 | കരുണൻ എം | ₹ 50000 | ₹ 50000 | ₹ 100000 | പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 15 | ഓമന കെ | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തു.പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു | |
| 16 | സിംല | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവെയ്ക്കൽ | |

| | | | | | |
|---|---|---|---|---|---|
| | | | | | എന്ന പ്രവൃത്തി മാത്രം ചെയ്തു.പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 17 | ആസ്യ | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തു. പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 18 | ഉത്തൻ മാധവി | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തു. പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു. |
| 19 | കണ്ണൻ കെ വി | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തു. പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 20 | കമല സി | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തു. പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| 21 | നാണി വി | ₹ 50000 | ₹ 50000 | ₹ 100000 | വീടിന്റെ മേൽക്കൂര മാറ്റിവവെയ്ക്കൽ എന്ന പ്രവൃത്തി മാത്രം ചെയ്തു. പ്രിന്റെഡ് ഡീറ്റയിൽഡ് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ഗുണഭോക്താവിന്റെ പേര് പിന്നീട് എഴുതി ചേർത്തു |
| | ആകെ | | ₹1050000 | | |

ഇത് സംബന്ധിച്ച് 30/16-10-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ പ്രോജക്ട് നമ്പർ 25/23 പ്രകാരമുള്ള ചെലവ് തുകയായ ₹1050000, പ്രോജക്ട് നമ്പർ 26/23 പ്രകാരമുള്ള ചെലവ് തുകയായ ₹425401 എന്നിവ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പദ്ധതി, സബ്സിഡി മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ച മുഴുവൻ രേഖകളും ഉറപ്പുവരുത്താതെ പദ്ധതി നടപ്പാക്കിയത് ക്രമപ്രകാരമല്ല. അപാകങ്ങൾ സംബന്ധിച്ച് തൃപ്തികരമായ വിശദീകരണത്തോടൊപ്പം ആവശ്യപ്പെട്ട രേഖകൾ കൂടി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പാക്കിയതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 വിദ്യാർത്ഥികളുടെ പ്രാദേശിക പഠന യാത്രയും വാമൊഴി ചരിത്ര രചനയും-പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല

2022-23 വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടാണ്. പഞ്ചായത്തിലെ യു പി വിദ്യാലയങ്ങളിലെ തെരഞ്ഞടുക്കപ്പെടുന്ന 40 വിദ്യാർത്ഥികൾക്ക് പഠന യാത്ര, വിവര ശേഖരണം ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ചരിത്ര രചന, വിദ്യാർത്ഥികൾ തയ്യാറാക്കിയ കയ്യെഴുത്ത് പ്രതികൾ പ്രസിദ്ധീകരിക്കൽ എന്നിവയാണ് പ്രോജക്ട് ലക്ഷ്യം.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 121/23, വിദ്യാർത്ഥികളുടെ പ്രാദേശിക പഠന യാത്രയും വാമൊഴി ചരിത്ര രചനയും |
| അടങ്കൽ | ₹75000 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹20430 |
| ബിൽ നമ്പർ/തീയതി | 72820/16-3-2023 |

മേൽ പദ്ധതി പ്രകാരം സെക്രട്ടറി, കുടുംബശ്രീ ഹെൽപ് ഡസ്കിന് 1880 രൂപയും കോഫി ഹൗസ്, ധർമശാലക്ക് 3220 രൂപയും സി പ്രദീപൻ എന്നവർക്ക് 15330 രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(25/13.10.23) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രോജക്ട് 2023-24 സാമ്പത്തിക വർഷത്തിലും ഉടരുന്നുണ്ടെന്നാണ് അറിയിച്ചത്. പദ്ധതി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-26 കുടിവെള്ളക്കിണർ നിർമ്മാണം-രേഖകളുടെ അഭാവത്തിൽ ₹ 99000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, കല്ല്യാശ്ശേരി സർക്കിൾ |
| പ്രൊജക്ട് നമ്പർ / പേര് | 28/23, (സ്പിൽ ഓവർ) കുടിവെള്ളക്കിണർ നിർമ്മാണം (വ്യക്തിഗതം-ജനറൽ) |
| അടങ്കൽ | ₹869000 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹1000 (തനത് ഫണ്ട്)<br>ആകെ : ₹870000 |
| ചെലവ് | ₹105000 ബിൽ നമ്പർ 32/05.07.2022 |

| | |
|---|---|
| | ₹30000 ബിൽ നമ്പർ 33/05.07.2022<br>₹63000 ബിൽ നമ്പർ 36/18.07.2022<br>₹60000 ബിൽ നമ്പർ 42/25.07.2022<br>₹18000 ബിൽ നമ്പർ 41/25.07.2022<br>₹6000 ബിൽ നമ്പർ 56/17.08.2022<br>₹24000 ബിൽ നമ്പർ 55/17.08.2022<br>₹30000 ബിൽ നമ്പർ 173/29.12.2022<br>₹114000 ബിൽ നമ്പർ 428/29.03.2023<br>₹30000 ബിൽ നമ്പർ 273/2.03.2023<br>ആകെ : ₹480000 (ധനകാര്യ കമ്മീഷൻ അവാർഡ്) |

സ. ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.1 പ്രകാരം കുടിവെള്ള കിണറുകളുടെ നിർമാണത്തിന് (വ്യക്തിഗതം) ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് എൽ.എസ്.ജി.ഡി. ഓവർസീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ യഥാർഥ ചെലവ് പരമാവധി ₹17500 നൽകാവുന്നതാണ്. മേൽ സൂചിപ്പിച്ച പദ്ധതിയിൽ ജനറൽ വിഭാഗത്തിൽപ്പെട്ട 48 ഗുണഭോക്താക്കൾക്ക് കിണർ നിർമാണത്തിനായി ₹17500 യിൽ അധികമാകാതെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കാൾക്കൾക്ക് സബ്സിഡി അനുവദിച്ചത് എൽ.എസ്.ജി.ഡി. ഓവർസീയറുടെ കൃത്യമായ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് (Detailed Valuation Certificate) ഇല്ലാതെയാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ സബ്സിഡി തുക |
|---|---|---|
| 1 | രമേശൻ. കെ. | ₹ 15000 |
| 2 | സൌദ. എം. | ₹ 15000 |
| 3 | കെ. വി. നവാസ് | ₹ 15000 |
| 4 | സുകുമാരി. കെ. ബി. | ₹ 6000 |
| 5 | തങ്കം. കെ. | ₹ 6000 |
| 6 | വിലാസിനി. എൻ. | ₹ 6000 |
| 7 | ജമീല. യു. വി. | ₹ 6000 |
| 8 | ശ്രീജ. ടി. | ₹ 15000 |
| 9 | മഹറുന്നീസ. എം. | ₹ 15000 |
| | ആകെ ₹ 99000 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/13.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ മേൽപ്പറഞ്ഞ ഒൻപത് ഗുണഭോക്താക്കാൾക്കൾക്ക് അനുവദിച്ച സബ്സിഡി തുക ₹ 99000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കല്ല്യാശ്ശേരി എഫ് എച്ച് സി ക്ക് മരുന്ന്,ലാബ് റീഏജന്റ് എന്നിവ വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല-ചെലവ് തുക 253503/- രൂപ തടസ്സപ്പെടുത്തുന്നു.

കല്ല്യാശ്ശേരി എഫ് എച്ച് സി ക്ക് മരുന്ന്,ലാബ് റീഏജന്റ് എന്നിവ വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് താഴെ കൊടുക്കുന്ന പ്രൊജക്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ, കല്ല്യാശ്ശേരി |
| പ്രൊജക്ട് നമ്പർ / പേര് | 20/23 കല്ല്യാശ്ശേരി എഫ് എച്ച് സി ക്ക് മരുന്ന്, ലാബ് റീഏജന്റ് എന്നിവ വാങ്ങൽ |
| അടങ്കൽ | ₹1100000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | ₹1100000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |

| | |
|---|---|
| ബിൽ നം./തീയ്യതി/ തുക | 84/24.09.22 ₹500000<br>136/23.11.22 ₹75000<br>177/29.12.22 ₹425000<br>198/19.01.23 ₹61188<br>238/17.02.23 ₹13440<br>291/13.03.23 ₹24013<br>362/22.03.23 ₹1359<br>(ACR പ്രകാരം) |

മേൽ ബില്ലുകൾ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (A/c No.3624001800000019) ആകെ 925000/- രൂപ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രൊഫോമ ഇൻവോയ്സ് നം.PRF1336/16.09.22 (₹500000), PRF2732/03.12.22 (₹425000) എന്നീ ബില്ലുകൾ പ്രകാരം ആവശ്യപ്പെട്ട മരുന്നുകളിൽ യഥാക്രമം 404341/-,267156/- രൂപയുടെ മരുന്ന് ലഭ്യമായ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കി മരുന്നുകൾ(₹925000-₹671497) ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.29/16.10.2023) മേൽ സൂചിപ്പിച്ച ഇൻവോയ്സുകൾ പ്രകാരം ആവശ്യപ്പെട്ട മരുന്നുകളിൽ ആകെ 253503/-(95659+157844) രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് എന്ന മറുപടി നൽകി. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ചെലവ് തുക 253503/- രൂപ തടസ്സപ്പെടുത്തുന്നു. ടി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ/പേര് | 109/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹700000 വികസന ഫണ്ട് -പൊതുവിഭാഗം<br>₹700000 മറ്റുള്ളവ<br>ആകെ : ₹1400000 |
| ചെലവ് | ₹700000 ബിൽ നമ്പർ : 228/18-2-2023 |

ഗ്രാമ പഞ്ചായത്തിലെ 56 ക്ഷീര കർഷകരുടെ 4 മുതൽ 32 മാസം വരെയോ, ആദ്യ പ്രസവം വരെയോ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനുള്ള മേൽ പ്രോജക്റ്റ് പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ₹700000 കണ്ണൂർ ജില്ലാ എസ്. എൽ. ബി. പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയിൽ നിന്നും കൊഴിഞ്ഞു പോയവരുണ്ടെങ്കിൽ അവരുടെ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/11.10.2023) നല്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-29 സ്കൂൾ കുട്ടികൾക്ക് ഫുട്ബാൾ പരിശീലനം-അപാകങ്ങൾ-₹125000 തടസ്സപ്പെടുത്തുന്നു.

2022-23 വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട് 125000 രൂപ ഫുട്ബാൾ പരിശീലന പരിപാടികൾക്കായി ചെലവഴിച്ചിട്ടുണ്ട്. പരിശീലന പരിപാടികൾക്കായുള്ള ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ സിഡിഎസ് ചെയർ പേഴ്സനാണ് തുക കൈമാറിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ കാണുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ/ പേര് | 137/23, സ്കൂൾ കുട്ടികൾക്ക് ഫുട്ബാൾ പരിശീലനം |
| അടങ്കൽ | ₹125000 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ്<br>₹125000 | ₹88000ബിൽ നമ്പർ : 1372803/16-3-2023<br>₹22000ബിൽ നമ്പർ : 1444700/23-3-2023<br>₹15000ബിൽ നമ്പർ : 1444718/23-3-2023 |

1. പരിശീലകർക്ക് വേതനം നിർണ്ണയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. (₹500/ദിവസം)

2. പരിശീലകനെ തിരഞ്ഞെടുത്തതിന്റെ വിവരങ്ങളോ, പരിശീലകന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റോ ഫയലിൽ ഇല്ല.
3. പരിശീലകന്റെ അറ്റന്റൻസ് ഫയലിൽ ഇല്ല. എത്ര ദിവസങ്ങളിൽ പരിശീലനം നല്കി എന്നത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.
4. പരിശീലകർക്ക് ജെഴ്സി വാങ്ങുന്നതിനായി എക്സലന്റ് സ്പോർട്സ് വെയർ എന്ന സ്ഥാപനത്തിന് 15000 രൂപ നല്കിയിട്ടുണ്ട്. ആയത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/11-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹125000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൃപ്തിയായ വിശദീകരണം രേഖകൾ സഹിതം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ബാലസഭ ശാക്തീകരണം- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച ₹8000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ/ പേര് | 138/23, ബാലസഭ ശാക്തീകരണം |
| അടങ്കൽ | ₹18000 വികസന ഫണ്ട് - പൊതു വിഭാഗം<br>₹8000 തനത് ഫണ്ട് |
| ചെലവ് | ₹18000 ബിൽ നമ്പർ : 801241158/24-2-2023<br>₹8000 ചെക്ക് നമ്പർ : 048953/10-3-2023 |

മേൽ പ്രൊജക്റ്റ് പ്രകാരം ബാലസഭ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രിന്റിംഗ്, സ്റ്റേഷനറി, യാത്രാബത്ത, ഭക്ഷണം, ഓണറേറിയം എന്നീ ഇനങ്ങൾക്കായി 26000രൂ. കുടുംബശ്രീ സി ഡി എസ് അക്കൗണ്ടന്റിന് അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീയതി 28-05-2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.7.10(1) പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് വാർഡ് ഒന്നിന് 1000രൂപയിൽ അധികമാകാതെ തുക ചെലവഴിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം 18 വാർഡുകളു ള്ള കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിന് ബാലസഭാ പ്രവർത്തനങ്ങൾക്കായി പരമാവധി ചെലവഴിക്കാവുന്ന തുക ₹18000 യാണ്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ₹8000 അധികം ചെലവഴിച്ചത് സംബന്ധിച്ച് 1/11-10-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വികസന ഫണ്ട് 18000 രൂപ ഉപയോഗിച്ച് പ്രോജക്റ്റ് പൂർത്തീകരിക്കാൻ കഴിയാത്തത് കൊണ്ടാണ് തനത് ഫണ്ടിൽ നിന്നും 8000 രൂപ പദ്ധതി പൂർത്തീകരണത്തിനു വേണ്ടി ഉപയോഗിച്ചതാണെന്നും അധികം ചെലവഴിച്ച 8000 രൂപയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. മാർഗരേഖ പ്രകാരം വാർഡ് തലത്തിൽ പ്രവർത്തനം നടത്തുന്നതിയായി ചെലവഴിക്കാവുന്ന പരമാവധി തുക നിശ്ചയിച്ചിട്ടുള്ളതിനാൽ അധികമായി ചെലവഴിച്ച 8000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബാലസഭ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന് മേൽ ഉത്തരവിന് വിരുദ്ധമായി 8000 (26000 – 18000) രൂപ അധികം ചെലവഴിക്കാനുള്ള അനുമതി നൽകുന്ന സർക്കാർ ഉത്തരവ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 പാലിയേറ്റീവ് കെയർ-മുഴുവൻ മരുന്നുകളും ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 49300/-രൂപ തടസ്സപ്പെടുത്തുന്നു.

കല്ല്യാശ്ശേരി എഫ് എച്ച് സി പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രൊജക്റ്റ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഫാമിലി ഹെൽത്ത് സെന്റർ, കല്ല്യാശ്ശേരി |
| പ്രൊജക്റ്റ് നമ്പർ / പേര് | 19/23 പാലിയേറ്റീവ് കെയർ |
| അടങ്കൽ ₹889770 | ₹639770 (വികസന ഫണ്ട്-പൊതുവിഭാഗം)<br>₹250000(ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ചെലവ് ₹647600 | ₹603940(വികസന ഫണ്ട്-പൊതുവിഭാഗം) |

| | |
|---|---|
| | ₹43660(ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ബിൽ നം./തീയ്യതി/<br>തുക | 11/03.06.22- ₹35830<br>13/09.06.22 ₹48830<br>16/14.06.22 ₹20530<br>31/04.07.22 ₹35830<br>64/01.09.22 ₹36190<br>78/13.09.22 ₹34590<br>103/19.10.22 ₹35790<br>126/14.11.22 ₹250000<br>140/01.12.22 ₹34590<br>153/12.12.22 ₹34590<br>191/11.1.23 ₹34360<br>363/22.3.23 ₹2810<br>(ACR പ്രകാരമുള്ള ബില്ലുകൾ)<br>BRN No.2219015201260121O476/17.2.23 43660/- |

മേൽ സൂചിപ്പിച്ച ബിൽ നം.126/14.11.22 പ്രകാരം ₹250000 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (A/c No.3624001800000019) ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം.PRF1791,20.10.2022 പ്രകാരം പർച്ചേസ് ഓർഡർ നടത്തിയതിന്റെ നാളിതു വരെ ലഭ്യമായ മരുന്നുകളുടെ വിവരവും ആയത് സ്റ്റോക്കിലെടുത്ത വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.33/16.10.23) മറുപടിയായി 200700/-രൂപയുടെ മരുന്നുകൾ ലഭ്യമായ ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഹാജരാക്കി. ബാക്കി വരുന്ന 49300/-(250000-200700) രൂപയുടെ മരുന്നുകൾ ലഭ്യമാകാത്തതിനാൽ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S080/23 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം ന്റെ സാങ്കേതിക സഹായത്തിന് വിഹിതം നൽകൽ |
| അടങ്കൽ | 93700 വികസന ഫണ്ട്, പൊതു വിഭാഗം |
| ചെലവ് | 93700 |
| ബിൽ നമ്പർ, തീയ്യതി, തുക | 1) 50/20-08-2022/72408<br>2)300/14-3-2023/21292 |

മേൽ സൂചിപ്പിച്ച തുക ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഫയലിൽ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ -19/12-10-23) മറുപടിയോടൊപ്പം ലഭ്യമാക്കിയ ഐ.കെ.എം.ന്റെ കത്തിൽ (നമ്പർ -762/എ7/ഐ.കെ.എം/2023) 2020-21 മുതൽ 2022-23 വരെ പ്രവർത്തന ഫണ്ടിനത്തിൽ ലഭിച്ച മുഴുവൻ തുകകളും വിനിയോഗിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 മരാമത്ത് പ്രവൃത്തികൾ-നിർവഹണം സംബന്ധിച്ച്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ] ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി

നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ2022-23 വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും ഈ രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാരപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ രീതിയിലുള്ള പ്രവർത്തനം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.20/13-10-2023) മറുപടിയിൽ 2023-24 വർഷം ഈ വിഷയത്തിലുള്ള സർക്കാർ നിർദ്ദേശം പാലിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-34 അതിഥിതൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച്

